# International Theatre Institute ITI
## World Organization for the Performing Arts

## ലോക തീയെറ്റർദിന സന്ദേശം - 2025 മാർച്ച് 27

സന്ദേശകാരൻ : തെയൊദൊറോസ് തെർസൊപോലുസ്, ഗ്രീസ്
തീയെറ്റർ ഡിറക്ടറും അധ്യാപകനും, എഴുത്തുകാരൻ, ആറ്റിസ് തീയെറ്റർ കംപനിയുടെ സ്ഥാപകനും ആർടിസ്റ്റിക് ഡിറക്ടറും, തീയെറ്റർ ഒളിംപിക്സിന്റെ പ്രചോദകൻ, ഇന്റർനാഷണൽ കമ്മിറ്റി ഓഫ് തീയെറ്റർ ഒളിംപിക്സിന്റെ അധ്യക്ഷൻ

മലയാള മൊഴിമാറ്റം

---

### ലോക തീയെറ്റർദിന സന്ദേശം 2025 - തെയൊദൊറോസ് തെർസൊപോലുസ്

ജീവിതത്തിന്റെ എല്ലാ തലങ്ങളേയും നിയന്ത്രിക്കുകയും കീഴൊതുക്കുകയും ചെയ്യുന്ന സമഗ്രാധിപത്യവ്യവസ്ഥക്കകത്ത് റോബോട്ടുകളായ് കഴിയുന്നവരുടെ ലോകത്ത്...
വെർച്ച്വൽ റിയാലിറ്റിയുടെ തുറുങ്കുകളിൽ, അവരവരുടെ വീർപ്പുമുട്ടിക്കുന്ന സ്വകാര്യതയൊരുക്കിയ കിടങ്ങുകളിൽ പെട്ടവരുടെ ലോകത്ത്... ദരിദ്രരായ ജനങ്ങളുടെ ലോകത്ത്, നമ്മുടെ കാലത്തിന്റെ സഹായാഭ്യർഥന തീയെറ്ററിന് കേൾവിപ്പെടുന്നുണ്ടോ?

പരിസ്ഥിതി നശീകരണം, ആഗോളതാപനം, വൻതോതിൽ ഇല്ലാതായ്ക്കൊണ്ടിരിക്കുന്ന ജൈവവൈവിധ്യം, കടൽ മലിനീകരണം, ഉരുകുന്ന മഞ്ഞുപാളികൾ, ഏറിവരുന്ന കാട്ടുതീകൾ, തീവ്രകാലാവസ്ഥാ സംഭവങ്ങൾ, ഒക്കെയും തീയെറ്ററിന്റെ പരിഗണനാ വിഷയങ്ങളാകുന്നുണ്ടോ? തീയെറ്ററിന് ഈ ആവാസവ്യവസ്ഥയുടെ ഒരു ക്രിയാത്മകഭാഗമാകാൻ കഴിയുമോ? ഭൂഗോളത്തിൽ മനുഷ്യരുണ്ടാക്കുന്ന ആഘാതം തീയെറ്റർ എത്രയോ വർഷങ്ങളായി കണ്ടുകൊണ്ടിരിക്കുന്നുവെങ്കിലും ഈ പ്രശ്നത്തെ കൈകാര്യം ചെയ്യുന്നത് തീയെറ്ററിന് ക്ലേശകരമായാണ് കാണുന്നത്.

രാഷ്ട്രീയവും സാമ്പത്തികവുമായ താൽപര്യങ്ങളാലും മാധ്യമ ശൃംഖലകളാലും പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്ന കമ്പനികളാലും പൗരർ സൂത്രങ്ങളിൽ ചലിപ്പിക്കപ്പെടുന്നിടത്ത്, ആശയവിനിമയത്തിന്റെ മികച്ച വേഷമണിഞ്ഞ് സോഷ്യൽമീഡിയ മറ്റുള്ളവരിൽ നിന്ന് വേണ്ടുന്ന സുരക്ഷിത അകലം സ്ഥാപിച്ചുനൽകുന്നിടത്ത്, 21-ാം നൂറ്റാണ്ടിൽ ഉരുവപ്പെട്ട തരത്തിലുള്ള മനുഷ്യാവസ്ഥയെക്കുറിച്ച് തീയെറ്റർ ആകുലപ്പെടുന്നുണ്ടോ?

അപരർ, വ്യത്യസ്തർ, അപരിചിതർ എന്നിവരോടുള്ള സർവ്വവ്യാപിയായ ഒരു ഭയാശങ്ക നമ്മുടെ ചിന്തകളേയും പ്രവർത്തനങ്ങളേയും ഭരിക്കുന്നു.

ചോരവാർന്നൊഴുകുന്ന പരിക്കിനെ പരിഗണിക്കാതെ, വ്യത്യസ്തതകളുടെ സഹവർത്തിത്തത്തിനായുള്ളൊരു വർക്ഷോപ്പായി പ്രവർത്തിക്കാൻ തീയെറ്ററിനാകുമോ?
ചോരയൊലിക്കുന്നൊരാ പരിക്ക് നമ്മളെ പുരാവൃത്തത്തെ പുതുക്കിനിർമ്മിക്കാൻ വിളിക്കുന്നു.

ഹൈനർ മുള്ളർ പറയുന്നു: “പുരാവൃത്തം ഒരു സഞ്ചയമാണ്. എപ്പോഴും പുതിയതും വ്യത്യസ്തവുമായ യന്ത്രങ്ങളെ ബന്ധിപ്പിക്കാൻ കഴിയുന്നൊരു യന്ത്രം. അതിന്റെ വർദ്ധിച്ചുവരുന്ന വേഗത സാംസ്കാരിക മണ്ഡലത്തെ ചിതറിത്തെറിപ്പിക്കുംവരേക്കുമത് ഊർജ്ജം കൈമാറും.”
ക്രൂരതയുടെ മണ്ഡലത്തെയും ചിതറിത്തെറിപ്പിക്കും വരെ എന്ന് ഞാൻ കൂട്ടിച്ചേർക്കും.

തീയെറ്ററിനെ സ്വയംപ്രകാശിതമാക്കും വിധത്തിൽ വഴിതെറ്റി വെളിച്ചം വിതാനിക്കുന്നത് നിർത്തി സമൂഹത്തിനേറ്റ പരിക്കിലേക്ക് വെളിച്ചം വീഴ്ത്താൻ തീയെറ്റർ സ്പോട്ലൈറ്റുകൾക്കാകുമോ?

തീർപ്പുള്ള ഉത്തരങ്ങളെ സമ്മതിക്കാത്ത ചോദ്യങ്ങൾ... കാരണം, തീയെറ്റർ നിലനിൽക്കുകയും ഈടുനിൽക്കുകയും ചെയ്യുന്നു. നന്ദി, ഉത്തരം നൽകപ്പെടാത്ത ചോദ്യങ്ങൾക്ക്....

ഇന്ന്, ലോക തീയെറ്റർ ദിനത്തിൽ, തന്റെ ജന്മസ്ഥലമായ പുരാതന നാടകവേദിയുടെ കേളീരംഗത്തിലൂടെ കടന്നുപോകുമ്പൊഴും യുദ്ധത്തിന്റെ ഭൂമികയിലൂടെ തന്റെ നിശ്ശബ്ദമായ അഭയാർത്ഥിയാത്ര തുടരുമ്പൊഴും ഡിയോനിസുസ് (ഡയൊനൈസസ്) തൊടുത്തുവിട്ട ചോദ്യങ്ങൾ.

തീയെറ്ററിന്റേയും പുരാവൃത്തത്തിന്റേയും ഹർഷോന്മത്ത ദേവതയായ, ഭൂത-ഭാവി-വർത്തമാനങ്ങളെ ഒരുമിച്ചുചേർത്ത, സിയൂസിനും സെമേലിയ്ക്കും രണ്ടു തവണ ജനിച്ച, ഡിയോനിസുസിന്റെ മിഴികളിലേക്ക് നമുക്ക് നോക്കാം. പെണ്ണിനും ആണിനും, കോപത്തിനും ദയക്കും, ദിവ്യത്തത്തിനും മൃഗീയതക്കും, ഉൻമാദത്തിനും യുക്തിബോധത്തിനും ക്രമത്തിനും ക്രമരാഹിത്യത്തിനും ഇടയിലൂടെ അതിരുകൾക്കിരുപുറത്തേക്കും ഒഴുകുന്ന സ്വത്വങ്ങൾ പ്രകടമാക്കിയ, ജീവന്റേയും മരണത്തിന്റേയും വരമ്പത്തെ ഞാണിൻമേൽക്കളിക്കാരൻ ഡിയോനിസുസിന്റെ മിഴികളിലേക്ക് നോക്കാം.

ഡിയോനിസുസ് സത്താപരമായ ഒരു അടിസ്ഥാനചോദ്യം ഉന്നയിക്കുന്നു:
“എന്താണിതിന്റെയൊക്കെ അർഥം?”

ഈ ചോദ്യം പുരാവൃത്തത്തിന്റെ വേരിലേക്കും മനുഷ്യപ്രഹേളികയുടെ വർധിതതലങ്ങളിലേക്കും കൂടുതൽ കൂടുതൽ ആണ്ടുപോകുന്ന അന്വേഷണത്തിലേക്ക് സർഗ്ഗസൃഷ്ടിനടത്തുന്നയാളെ കൊണ്ടുപോകും.

മധ്യകാലഘട്ടതുല്യമായ നമ്മുടെ വർത്തമാനകാലത്തിന്റെ ബഹുരൂപ സ്വേച്ഛാധിപത്യത്തിൽനിന്ന് പുറത്തുകടക്കുന്നതിന്നായി ഓർമ്മകളെ വളർത്തിയെടുക്കുന്നതിനും
പുതിയ നൈതിക-രാഷ്ട്രീയ ചുമതലാബോധത്തിന് രൂപം നൽകുന്നതിനും ലക്ഷ്യമിട്ടുള്ള നവീനമായ ആഖ്യാനവഴികൾ വേണം നമുക്ക്.

തെയൊദൊറോസ് തെർസൊപോലുസ്

മലയാള മൊഴിമാറ്റം - മൊഹബ്ബത്ത്